"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി – 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി. മേരി ജോസ്, കണ്ണങ്കുഴ വീട്, മുട്ടുചിറ. പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.14/2026/ID  തീയതി,തിരുവനന്തപുരം, 05-01-2026

---

പരാമർശം:-

1. കോട്ടയം ജിയോളജിസ്റ്റിന്റെ 09.04.2024 തീയതിയിലെ 12/2024-25/DOY/ML/2022 നമ്പർ നടപടിക്രമം.
2. ശ്രീമതി. മേരി ജോസ്, കണ്ണങ്കുഴ വീട്, മുട്ടുചിറ.പി. ഒ, കോട്ടയം 19/04/2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ ഹർജി.
3. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ 18.11.2025 ലെ ഡിഎംജി/2621/2025-എം2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് നം. 26, റീസർവ്വേ നം. 524/1-2-ൽപ്പെട്ട സ്ഥലത്ത് നിന്നും അനുമതി ഉത്തരവിനെ അധികരിച്ച് സാധാരണ മണ്ണ് ഖനനം ചെയ്ത സാഹചര്യത്തിലും അനുമതി നൽകി ഒരു വർഷത്തിനകം കെട്ടിടത്തിന്റെ അടിത്തറ നിർമ്മാണം നടത്തിയിട്ടില്ലാത്തതിനാലും ആകെ ഖനനം ചെയ്ത നീക്കിയ 2358.75 MT സാധാരണ മണ്ണിന് റോയൽറ്റി, വില ഇനത്തിൽ (ടണ്ണിന് 20/-രൂപ നിരക്കിൽ 5 മടങ്ങ്) 2,35,875/- രൂപയും കോമ്പൗണ്ടിംഗ് ഫീസ് ഇനത്തിൽ 25,000/- രൂപയും ചേർത്ത് ആകെ 2,60,875/- രൂപ (രണ്ട് ലക്ഷത്തി അറുപതിനായിരത്തി എണ്ണൂറ്റി എഴുപത്തി അഞ്ച് മാത്രം) സർക്കാരിലേക്ക് ഒടുക്കുന്നതിനാവശ്യപ്പെട്ട് കോട്ടയം ജിയോളജിസ്റ്റ് 09.04.2024 തീയതിയിൽ പുറപ്പെടുവിച്ച പരാമർശം (1) പ്രകാരമുള്ള നടപടിക്രമത്തിനെതിരെയാണ് പരാമർശം (2) പ്രകാരം ശ്രീമതി.മേരി ജോസ്, കണ്ണങ്കുഴ ഹൗസ്, മുട്ടുചിറ.പി.ഒ, കോട്ടയം 19/04/2024 തീയതിയിൽ സർക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി 12/11/2025-ന് നടത്തിയ ഹിയറിംഗിൽ കാസർഗോഡ് ജില്ലാ ജിയോളജിസ്റ്റും, മൈനിംഗ് & ജിയോളജി വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറും പങ്കെടുക്കുകയുണ്ടായി. എന്നാൽ, അപ്പീൽ നൽകിയയാൾ വാദം കേൾക്കാനായി ഹാജരായില്ല. ഹാജരാകാൻ സാധിക്കാത്തതിലെ ബുദ്ധിമുട്ടുകൾ അറിയിച്ചിട്ടുമില്ല.

3. അപ്പീൽ അധികാരി നടത്തിയ ഹിയറിങ്ങിൽ അപ്പീൽ കക്ഷി ഹാജരായി വസ്തുതകൾ

ബോധിപ്പിക്കാത്ത സാഹചര്യത്തിൽ, 09/04/2024 തീയതിയിൽ കോട്ടയം ജില്ലാ ജിയോളജിസ്റ്റ് പരാമർശം (1) പ്രകാരം നല്കിയ ഡിമാൻ്റ് നോട്ടീസ് നില നിറുത്തി കൊണ്ടും അതിന്റെ അടിസ്ഥാനത്തിലുള്ള തുക അപ്പീൽ കക്ഷിയിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ ജിയോളജിസ്റ്റിന് നിർദ്ദേശം നല്കിയും ശ്രീമതി.മേരി ജോസ്, കണ്ണങ്കുഴ ഹൗസ്, മുട്ടുചിറ.പി.ഒ, കോട്ടയം സമർപ്പിച്ച അപ്പീൽ ഹർജി ഏകപക്ഷീയമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി

ശ്രീമതി. മേരി ജോസ്, കണ്ണങ്കുഴ വീട്, മുട്ടുചിറ.പി. ഒ, കോട്ടയം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, കോട്ടയം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 06-01-2026 11:39:55
സെക്ഷൻ ഓഫീസർ